"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് പാട്ടത്തിന് നൽകിയിരുന്ന എറണാകുളം ജില്ലയിൽ, വാഴക്കാല വില്ലേജിൽ, ബ്ലോക്ക് നമ്പർ 19-ൽ റീ സർവ്വെ നം.305/1 -ൽ പ്പെട്ട 40.47 - ആർ സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഒഴിവാക്കിയും, പാട്ടനിരക്ക് നിശ്ചയിച്ചും പാട്ടം പുതുക്കിയും ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

G.O.(Ms) No.218/2025/RD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. 29/11/1983-ലെ സ.ഉ (കൈ) നം.1976/83/ആർ.ഡി.
2. 24/06/19878-ലെ സ.ഉ (കൈ) നം.566/88/ആർ.ഡി.
3. കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ ലിമിറ്റഡ് ചെയർപേഴ്സൺ സമർപ്പിച്ച 05/01/2021-ലെ അപേക്ഷ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22/07/2024-ലെ LR/8448/2022-LR(J7) നം. കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, എറണാകുളം ജില്ലയിൽ, വാഴക്കാല വില്ലേജിൽ, ബ്ലോക്ക് നം.19-ൽ, റീ സർവ്വെ നം.305/1-ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമി വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് 5000/- രൂപ വാർഷിക നിരക്കിൽ, 5 വർഷം കൂടുമ്പോൾ പാട്ടം പുതുക്കണമെന്ന വ്യവസ്ഥയോടെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയിരുന്നു. പരാമർശം (2) -ലെ സർക്കാർ ഉത്തരവ് പ്രകാരം പാട്ടക്കാലാവധി 5 വർഷത്തേയ്ക്ക് കൂടി വർദ്ധിപ്പിയ്ക്കുകയുണ്ടായി, ആയത് പ്രകാരം 24/06/1993-വരെ പാട്ടക്കാലാവധി ഉണ്ടായിരുന്നു. പ്രസ്തുത ഉത്തരവിലും പാട്ടത്തുക 5000/- രൂപയായി നില നിർത്തുകയുണ്ടായി.

2)കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് വനിത ഹോസ്റ്റൽ നിർമ്മാണത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഒഴിവാക്കുന്നതിനും, പാട്ടത്തുക പുന: നിർണ്ണയിക്കുന്നതിനും പരാമർശം (3) പ്രകാരം വനിത വികസന കോർപ്പറേഷൻ ചെയർപേഴ്സൺ അപേക്ഷ സമർപ്പിച്ചു.

3)വനിതാ വികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയിരുന്ന എറണാകുളം ജില്ലയിൽ, വാഴക്കാല വില്ലേജിൽ, ബ്ലോക്ക് നമ്പർ 19-ൽ, റീ സർവ്വെ നം.305/1-ൽ പ്പെട്ട 40.47 ആർ ഭൂമിയുടെ പാട്ടത്തുക 1993- ന ശേഷം പുതുക്കിയിരുന്നില്ലെങ്കിലും 2017-18 കാലയളവ് വരെ പഴയ നിരക്കായ 5000/- രൂപ ഒടുക്കി വന്നിരുന്നുവെന്നും, 25/06/1993 മുതൽ 31/03/2023 വരെയുള്ള യഥാർത്ഥ പാട്ടക്കുടിശ്ശിക 3,69,04,233/- രൂപയും പലിശയടക്കമുള്ള നികുതി തുക 1,05,95,430/- രൂപയും ഉൾപ്പടെ വനിത വികസന കോർപ്പറേഷൻ ആകെ ഒടുക്കേണ്ട തുക 4,74,99,663/- രൂപയാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വന്തം സ്ഥലത്തു നിന്നും ദൂരെ മാറി, അന്യദേശങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന വനിതകൾക്ക് ചെലവ് കുറഞ്ഞ സുരക്ഷിതമായ താമസ സ്ഥലം ഒരുക്കുന്നതിനു വേണ്ടി ഹോസ്റ്റലുകൾ നടത്തുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലൊന്നാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്ന വസ്തുത പരിഗണിച്ച്, പൊതു താല്പര്യാർത്ഥം, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച

എറണാകുളം ജില്ലയിൽ, വാഴക്കാല വില്ലേജിൽ, ബ്ലോക്ക് നം.19-ൽ, റീ സർവ്വെ നം.305/1-ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമിയ്ക്ക് 31/03/2025 വരെ പഴയ നിരക്കായ 5000/- രൂപ നിരക്കിൽ പാട്ടം ഒടുക്കി ബാക്കി പാട്ടക്കുടിശ്ശിക ഒഴിവാക്കുന്നതിനും, 01/04/2025 മുതൽ ആർ ഒന്നിന് 100 രൂപ നിരക്കിൽ പാട്ട തുക നിശ്ചയിച്ച് കൊണ്ടും 10 വർഷത്തേയ്ക്ക് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടം പുതുക്കി ഇതിനാൽ ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vi) 31/03/2025 വരെ പഴയ നിരക്കായ 5000/ രൂപ നിരക്കിൽ ആറുമാസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്.

vii) പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

5) ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M G RAJAMANICKAM
SECRETARY

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
ചെയർ പേഴ്സൺ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ധനകാര്യ (Exp-D) വകുപ്പ് (റഫ. നം.E-2976036/Exp-D3/128/2024-FIN. dated 03/04/2025).
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.3104. തീയത് 10/07/2025).
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (എ3/37/2021/റവ.)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 17-07-2025 11:51:10

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. എ3/37/2021/റവ. ഇനം നം: 3104

വിഷയം : റവന്യൂ വകുപ്പ് - കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച എറണാകുളം ജില്ലയിൽ, വാഴക്കാല വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വേ നമ്പർ 305/1-ൽപ്പെട്ട 40.47 ആർ സർക്കാർ ഭൂമിക്ക് 31.03.2025 വരെ പഴയ നിരക്കായ 5000/- രൂപ വാർഷിക നിരക്കിൽ പാട്ടം ഒടുക്കാൻ അനുമതി നൽകി, ജില്ലാ കളക്ടർ കണക്കാക്കിയിട്ടുള്ള പാട്ടക്കുടിശ്ശികയിൽ ബാക്കി തുക ഒഴിവാക്കിക്കൊണ്ട് 01.04.2025 മുതൽ ആറൊന്നിന് 100/- രൂപ നാമമാത്ര നിരക്കിൽ വീണ്ടും 10 വർഷത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടം പുതുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3104

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എ 3/37/2021/റവ. |
| 2. | വകുപ്പ് | : റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | :കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച എറണാകുളം ജില്ലയിൽ വാഴക്കാല വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീ സർവേ നമ്പർ 305/1 ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമിക്ക് 31/03/2025 വരെ പഴയ നിരക്കായ 5000/- രൂപ വാർഷിക നിരക്കിൽ പാട്ടം ഒടുക്കാൻ അനുമതി നൽകി, ജില്ലാ കളക്ടർ കണക്കാക്കിയിട്ടുള്ള പാട്ടക്കുടിശ്ശികയിൽ ബാക്കി തുക ഒഴിവാക്കിക്കൊണ്ട് 01/04/2025 മുതൽ ആറൊന്നിന് 100/- രൂപ നാമമാത്ര നിരക്കിൽ വീണ്ടും 10 വർഷത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടം പുതുക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 12/06/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.എം.ജി. രാജമാണിക്യം |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24/06/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 27/06/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 30/06/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 01/07/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് പാട്ടത്തിന് നൽകിയ എറണാകുളം ജില്ല, വാഴക്കാല വില്ലേജ്, ബ്ലോക്ക് നമ്പർ 19-ൽ റീ സർവ്വേ നമ്പർ 305/1 ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമിയുടെ 31.03.2025 വരെയുള്ള പാട്ടത്തുക പ്രതിവർഷം 5000/- രൂപയായി നിശ്ചയിച്ച്, 01.04.2025 മുതൽ വീണ്ടും 10 വർഷത്തേയ്ക്ക് നാമമാത്ര നിരക്കായ ആർ ഒന്നിന് പ്രതിവർഷം 100/- രൂപ നിരക്കിൽ പാട്ടം പുതുക്കി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. എറണാകുളം ജില്ല, വാഴക്കാല വില്ലേജ്, ബ്ലോക്ക് നമ്പർ 19-ൽ റീ സർവ്വേ നമ്പർ 305/1 ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമി 29/11/1983 ലെ G.O.(MS)No.1976/83/RD പ്രകാരം 5000/-രൂപ വാർഷിക നിരക്കിൽ 5 വർഷം കൂടുമ്പോൾ പാട്ടം പുതുക്കണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷന് പാട്ടത്തിനു നൽകിയിരുന്നു. 24/06/1988 -ലെ G.O.(MS) 566/88/RD പ്രകാരം പാട്ടക്കാലാവധി 5 വർഷത്തേക്ക് ദീർഘിപ്പിച്ച്, 5000 രൂപ പാട്ടനിരക്കിൽ ഉത്തരവായി. അപ്രകാരം 24/06/1993-വരെ പാട്ടക്കാലാവധി ഉണ്ടായിരുന്നു. പാട്ടത്തുക 1993-നു ശേഷം പാട്ടം പുതുക്കിയിരുന്നില്ലെങ്കിലും 2017-18 കാലയളവ് വരെ 5000/- രൂപ ഒടുക്കി വന്നിരുന്നു. ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 25/06/1993 മുതൽ 31/03/2023 വരെയുള്ള പാട്ടക്കുടിശ്ശിക നികുതിയും പലിശയുമുൾപ്പെടെ 4,74,99,663/- രൂപയാണ്. ജോലി ചെയ്യുന്ന വനിതകൾക്ക് ചെലവ് കുറഞ്ഞ സുരക്ഷിതമായ താമസ സ്ഥലം ഒരുക്കുന്നതിനു വേണ്ടി ഹോസ്റ്റലുകൾ നടത്തുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലൊന്നാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. ആയതിനാൽ, ടി സ്ഥാപനത്തിന്റെ പാട്ടക്കുടിശ്ശിക ഇളവ് ചെയ്യുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിയ്ക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*" വനിതാ വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച എറണാകുളം ജില്ല വാഴക്കാല വില്ലേജ് ബ്ലോക്ക് നം.19-ൽ റീസർവ്വെ നമ്പർ 305/1-ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമിക്ക്, മന്ത്രിസഭയുടെ അംഗീകാരത്തോടെ 31/03/2025 വരെ പഴയ നിരക്കായ 5000/- രൂപ നിരക്കിൽ പാട്ടം ഒടുക്കി ബാക്കി പാട്ടക്കുടിശ്ശിക ഒഴിവാക്കുന്നതിനും, 01/04/2025 മുതൽ ആറൊന്നിന് 100/- രൂപ നിരക്കിൽ പാട്ടത്തുക നിശ്ചയിച്ചു കൊണ്ട് പാട്ടം പുതുക്കുന്നതിനും അനുമതി നൽകുന്നു.*

*ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.*

4. 1995 ലെ മുനിസിപ്പൽ കോർപറേഷൻ പരിധിയിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച്, ചട്ടപ്രകാരമുള്ള നിരക്കിൽ ഇളവ് നൽകി, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച എറണാകുളം ജില്ല വാഴക്കാല വില്ലേജ് ബ്ലോക്ക് നമ്പർ 19-ൽ റീ സർവേ നമ്പർ 305/1 ൽ പ്പെട്ട 40.47 ആർ സർക്കാർ ഭൂമിക്ക് 31/03/2025 വരെ പഴയ നിരക്കായ 5000/- രൂപ നിരക്കിൽ പാട്ടം ഒടുക്കി ബാക്കി പാട്ടക്കുടിശ്ശിക ഒഴിവാക്കുന്നതിനും, 01/04/2025 മുതൽ ആറൊന്നിന് 100 രൂപ നിരക്കിൽ പാട്ട തുക നിശ്ചയിച്ച് കൊണ്ട് 10 വർഷത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടം പുതുക്കുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1995 ലെ മുനിസിപ്പൽ കോർപറേഷൻ പരിധിയിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച്, ചട്ടപ്രകാരമുള്ള നിരക്കിൽ ഇളവ് നൽകി, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് പാട്ടത്തിന് അനുവദിച്ച എറണാകുളം ജില്ലയിൽ വാഴക്കാല വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീ സർവേ നമ്പർ 305/1 ൽ പ്പെട്ട 40.47 ആർ

സർക്കാർ ഭൂമിക്ക് 31/03/2025 വരെ പഴയ നിരക്കായ 5000/- രൂപ വാർഷിക നിരക്കിൽ പാട്ടം ഒടുക്കുന്നതിനും ബാക്കി പാട്ടക്കുടിശ്ശിക ഒഴിവാക്കി, 01/04/2025 മുതൽ ആറൊന്നിന് 100/- രൂപ നിരക്കിൽ പാട്ടത്തുക നിശ്ചയിച്ച് കൊണ്ട് 10 വർഷത്തേയ്ക്ക് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടം പുതുക്കുന്നതിനും അനുമതി നൽകാമോ?

**നിബന്ധനകൾ**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മുന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vi) 31/03/2025 വരെ പഴയ നിരക്കായ 5000/- രൂപ നിരക്കിൽ ആറുമാസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്.

vii) പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .